DESPATCHED
On. 8/6/2020
25/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1276(4)/2012/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.7865/എസ്.ഐ.സി–ജി 2/2012)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.എസ്സ്. സജിമോൻ,
പുത്തൻ പറമ്പിൽ,
കുടവെച്ചൂർ പി.ഒ,
കൈപ്പുഴമുട്ട്, വെച്ചൂർ, വൈക്കം, കോട്ടയം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസീൽദാർ, താലൂക്ക് ഓഫീസ്,
   വൈക്കം, കോട്ടയം.
2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്, വൈക്കം,
   കോട്ടയം.

} എതിർക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, 12.04.2012 ൽ വൈക്കം താലൂക്ക് ഓഫീസിൽ നടത്തിയ അദാലത്തിലെ തീരുമാനമനുസരിച്ച് വൈക്കം തഹസീൽദാർ, കുടവെച്ചൂർ സെന്റ് ജോസഫ്

ഹോസ്പിറ്റൽ വക സർവെ 539/1 ൽപ്പെട്ട 3 ഏക്കർ 60 സെന്റ് കായൽ സ്ഥലത്തിന്റെ പട്ടയം റദ്ദാക്കണമെന്നാവശ്യപ്പെട്ട് കോട്ടയം ജില്ലാ കളക്ടർക്ക് അയച്ച റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ഒന്നാം എതിർകക്ഷി അയച്ചുകൊടുത്ത ടി റിപ്പോർട്ടിന്റെ പകർപ്പിൽ വസ്തുതാപരമായ പിശകുണ്ടെന്നാണ് പരാതി. അതുകൊണ്ട് വസ്തുതാപരമല്ലാത്ത റിപ്പോർട്ട് തയ്യാറാക്കിയ വൈക്കം തഹസീൽദാരെയും, എസ്.പി.ഐ.ഒ യെയും മാറ്റി നിർത്തി അന്വേഷണം നടത്തി ടി കക്ഷികൾക്ക് തക്കതായ ശിക്ഷ നൽകണമെന്നുമാണ് ടിയാൻ കമ്മീഷനു നൽകിയ അപ്പീലിൽ പറയുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.01.2019 ൽ കോട്ടയം കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ 20.04.2012 ലെ വിവരാവകാശ അപേക്ഷയ്ക്ക് 03.05.2012 ൽ മറുപടി നൽകിയിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷി മൊഴി നൽകി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ട് ഗവൺമെന്റിലേക്ക് പോയിട്ടില്ലെന്നും, ഇതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ ഓഫീസിലേക്ക് അയച്ച കത്തിന്റെ പകർപ്പ് നിശ്ചിത ഫീസടച്ച് കൈപ്പറ്റാമെന്നും, ആയത് ടിയാൻ ഫീസടച്ച് കൈപ്പറ്റിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. ഇതിനുശേഷം ഒന്നാം അപ്പീൽ സമർപ്പിക്കാതെ ടിയാൻ കമ്മീഷന് അപ്പീൽ നൽകുകയാണു ചെയ്തതെന്നും, അപേക്ഷയിൽ പരാമർശിക്കുന്ന സ്ഥലത്തിന്റെ പട്ടയം റദ്ദുചെയ്ത് ലാൻഡ് ബാങ്കിൽ നിക്ഷിപ്തമാക്കാനുള്ള ജില്ലാ കളക്ടറുടെ 15.06.2015 ലെ ഇ.8-18715/11 നമ്പർ ഉത്തരവിനെതിരെ കക്ഷി WP(C) 23060/15 നമ്പ

RIGHT TO INFORMATION

രായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ വിധി വന്നതിനുശേഷം മാത്രമേ നടപടികൾ പൂർത്തീകരിക്കാൻ കഴിയൂ എന്നും ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ മൊഴി നൽകി.

4. ടിയാന്റെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഇതിൽ നിന്ന് ഒന്നാം എതിർകക്ഷി പറയുന്ന മൊഴി വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. തന്നെയുമല്ല, റിപ്പോർട്ടിൽ അപ്പീൽ ഹർജിക്കാരൻ ആരോപിക്കുന്ന പിഴവിന്റെ പേരിൽ തഹസീൽദാരെയും, എസ്.പി.ഐ.ഒ യെയും മാറ്റി നിർത്തി അന്വേഷണം നടത്തി ശിക്ഷിക്കണമെന്നുമുള്ള അപ്പീൽ ഹർജിക്കാരന്റെ ആവശ്യം പരിഗണിക്കാൻ കമ്മീഷനു കഴിയില്ല. അത്തരമൊരു നടപടി സ്വീകരിക്കാൻ കമ്മീഷന് നിയമപരമായ അധികാരമില്ല എന്ന കാര്യവും ടിയാനെ ഓർമപ്പെടുത്തുകയാണ്.

5. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 25.02.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re